(ബി) മഞ്ചേരി ഡിവിഷനു കീഴിൽ മഞ്ചേരി നോർത്ത്, കീഴിശ്ശേരി, വള്ളുവമ്പ്രം എന്നീ സെക്ഷനുകൾ വിഭജിച്ച് പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 54 സെക്ഷൻ ഓഫീസുകൾ. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്.

(സി) പ്രസ്തുത നിർദ്ദേശം പരിശോധിച്ചിരുന്നു. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി (25000 ഉപഭോക്താക്കൾ/50 ചതുരശ്ര കി.മീ. അഥവാ 20000 ഉപഭോക്താക്കൾ/100 ചതുരശ്ര കി.മീ.), പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചുവരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഭാവിയിൽ പുതിയ സെക്ഷൻ രൂപീകരണത്തിനുള്ള മാനദണ്ഡം ബാധകമാകുമ്പോൾ പ്രസ്തുത നിർദ്ദേശം പരിശോധിക്കാവുന്നതാണ്.

വൈദ്യുതി മോഷണം

53 (4044) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിമോഷണം സംബന്ധിച്ച് ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് ഈടാക്കിയ പിഴയുടെ കണക്ക് ജില്ലതിരിച്ചു വ്യക്തമാക്കുമോ ;

(ബി) ഗാർഹിക ഉപഭോക്താക്കൾക്ക് അവർ താമസിക്കുന്ന വീട്ടിൽത്തന്നെ ചെറിയ താത്ക്കാലിക നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനായി വൈദ്യുതി ഉപയോഗിക്കുന്നതിന് കെ.എസ്.ഇ.ബി.യുടെ അനുവാദം ആവശ്യമുണ്ടോ ;

(സി) ഇതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2014-ലെ പിഴയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ജില്ല	വൈദ്യുതി മോഷണങ്ങളുടെ എണ്ണം	ഈടാക്കിയ തുക
തിരുവനന്തപുരം	71	55,43,613
കൊല്ലം	64	38,48,004
പത്തനംതിട്ട	38	24,15,600
ആലപ്പുഴ	95	78,96,770
കോട്ടയം	38	34,44,099
എറണാകുളം	87	79,62,898
തൃശ്ശൂർ	23	17,20,129
ഇടുക്കി	25	21,94,385
പാലക്കാട്	49	34,37,099
മലപ്പുറം	56	31,88,167
വയനാട്	29	18,66,967
കോഴിക്കോട്	18	22,60,075
കണ്ണൂർ	16	10,83,690
കാസർഗോഡ്	20	21,03,127

(ബി) ഏതൊരു ഉപഭോക്താവിനും അനുവദനീയമായ കണക്ടഡ് ലോഡിനെക്കാൾ അധിക ലോഡ് ഉപയോഗിക്കുന്നതിന് ലൈസൻസികളുടെ അനുവാദം ആവശ്യമാണ്. എന്നിരുന്നാലും ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014,

LIBRARY ARCHIVES Kerala Legislative Assembly

റെഗുലേഷൻ 153 പ്രകാരം ഗാർഹിക ഉപഭോക്താക്കൾക്ക് അവരുടെ നിയമാനുസൃത കണക്ടഡ് ലോഡിന്റെ 20 ശതമാനം വരെയും ഗാർഹികേതര ഉപഭോക്താക്കൾക്ക് പത്ത് ശതമാനം വരെയും പിഴ ഈടാക്കാതെ ഉപയോഗിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ അധിക ലോഡ് ഉടൻതന്നെ റെഗുലറൈസ് ചെയ്യേണ്ടതാണ്. സപ്ലൈ കോഡ്, 2014, റെഗുലേഷൻ 154(1) പ്രകാരം ഗാർഹിക ഉപഭോക്താക്കൾക്ക് അവരുടെ പ്രിമിസസിനുള്ളിൽ താൽക്കാലികമായി (temporary extension) അനുവദനീയമായ കണക്ടഡ് ലോഡിന്റെ 20 ശതമാനം വരെ ഗാർഹികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് അനധികൃത ഉപയോഗമായി കണക്കാക്കുന്നതല്ല.

എന്നാൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ 14-8-2014-ൽ പുറപ്പെടുവിച്ച താരിഫ് ഉത്തരവ് പ്രകാരം ഗാർഹിക ഉപഭോക്താക്കൾക്ക് അനുവദനീയമായ കണക്ടഡ് ലോഡിന്റെ 20 ശതമാനമോ അല്ലെങ്കിൽ 1000 വാട്ട് വരെയോ (ഇതിൽ ഏതാണോ കുറവ്) ഗാർഹികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

(സി) സപ്ലൈ എക്സ്റ്റന്റ് ചെയ്യുന്നതിന് ഓഫീസിൽ അപേക്ഷ സമർപ്പിക്കുകയും ലൈസൻസുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടറെക്കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുകയും വേണം. പ്രതിഷ്ഠാപനത്തിന്റെ ടെസ്റ്റ് & പൂർത്തീകരണ സർട്ടിഫിക്കറ്റ്, ആവശ്യമുള്ള രേഖകൾ, ഇതിലേയ്ക്ക് ആവശ്യമായ ഫീസ് എന്നിവ സഹിതം സെക്ഷൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

വൈദ്യുതി മോഷണം

54 (4045) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിമോഷണവുമായി ബന്ധപ്പെട്ട സംസ്ഥാനത്ത് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് വിശദമാക്കുമോ ;

(ബി) ഇപ്രകാരം മോഷണം കണ്ടുപിടിക്കപ്പെട്ടതിലൂടെ എത്ര കോടി രൂപ സർക്കാരിലേയ്ക്ക് ഈടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം നൽകുമോ ?

ഉത്തരം

(എ)

ജില്ല	മോഷണങ്ങളുടെ എണ്ണം
തിരുവനന്തപുരം	71
കൊല്ലം	64
പത്തനംതിട്ട	38

LIBRARY ARCHIVES Kerala Legislative Assembly